# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR(P12)965/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P12)965/2022. തീയ്യതി: 05/07/2022

## തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-07-2020 മുതൽ 05-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-07-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മീര.ടി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈനി കൃഷ്ണദാസ്.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രേഖ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരവിന്ദാക്ഷൻ.വി, ഓഡിറ്റർ ട്രെയിനി
ശ്രീ. സ്വാലിഹ്.സി.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എ ഡി ധനീപ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| മിനി.കെ.ആർ | സെക്രട്ടറി | 01-04-2019 | 14-10-2019 |
| മീരാഭായ്.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-10-2019 | 19-10-2019 |
| വസന്തകുമാർ | സെക്രട്ടറി | 20-10-2019 | 28-10-2019 |
| ഷിപുദാസ് | സെക്രട്ടറി | 29-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സി കെ ബാലകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-07-2019 |
| മീരാഭായ്. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2019 | 31-03-2020 |
| ആര്യ വി ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| സുമ എസ് എസ് | വി ഇ ഒ, തൂപ്പറ്റ് സർക്കിൾ | 01-04-2019 | 31-03-2020 |
| ദീപക് | വി ഇ ഒ, അണ്ടത്തോട് | 01-04-2019 | 01-03-2020 |
| ഡോ. റീനു ജോൺ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. അരുൺ ബാബു | മെഡിക്കൽ ഓഫീസർ , പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ. ടി എസ് . മണികണ്ഠൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2019 | 31-03-2020 |
| ശാന്ത. ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| മിനി .സി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഫാത്തിമ പി എ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ആൻസി യു എ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Meera T (Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Swalih C.P (Auditor, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Meera T (Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Meera T (Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-1 |
| 12 | വസ്തു നികുതി -ഡി സി ബി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-2 |
| 13 | വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-3 |
| 14 | ക്രമീകരിക്കാൻ അവശേഷിക്കുന്നതായ തുകയേക്കാൾ കൂടുതൽ തുക തൻവർഷം ക്രമീകരിച്ചു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-4 |
| 15 | അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതിന് സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022) | 1-11-5 |
| 16 | ലൈബ്രറി സെസ്സ് കണക്കാക്കിയതിൽ വ്യത്യാസം | 1-11-6 |

| | | |
|---|---|---|
| | Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022) | |
| 17 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022) | 1-11-7 |
| 18 | വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022) | 1-11-8 |
| 19 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022) | 1-11-9 |
| 20 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022) | 1-11-10 |
| 21 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022) | 1-11-11 |
| 22 | ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022) | 1-11-12 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-11-13 |
| 24 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-14 |
| 25 | ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-11-15 |
| 26 | ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-16 |
| 27 | തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കും ക്യാഷ് ബുക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-17 |
| 28 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-18 |
| 29 | അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-11-19 |
| 30 | എ സി ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-20 |
| 31 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്കുള്ള എ സി ആർ - ൽ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-21 |
| 32 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി | 1-11-22 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | |
| 33 | ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-23 |
| 34 | പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-24 |
| 35 | ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-25 |
| 36 | ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-26 |
| 37 | ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-27 |
| 38 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-28 |
| 39 | സാമൂഹ്യ ക്ഷേമ പെൻഷനുകൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022) | 1-11-29 |
| 40 | ബജറ്റ് - അപാകങ്ങൾ<br>Written By: Meera T (Audit Officer, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-12 |
| 41 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-13 |
| 42 | ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തു.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-14 |
| 43 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Swalih C.P (Auditor, On 13-06-2022) | 1-15 |
| 44 | റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-16 |
| 45 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-17 |
| 46 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Swalih C.P (Auditor, On 13-06-2022) | 1-18 |
| 47 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Swalih C.P (Auditor, On 13-06-2022) | 1-19 |
| 48 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 13-06-2022) | 1-20 |

| | | |
|---|---|---|
| | Last Updated By: Meera T (Audit Officer, On 05-07-2022) | |
| 49 | ലൈസൻസ് - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-21 |
| 50 | കളക്ട് ചെയ്ത തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-22 |
| 51 | ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ഒടുക്കവരുത്തേണ്ടതാണ്<br>Written By: Meera T (Audit Officer, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 13-06-2022) | 1-23 |
| 52 | തെരുവു വിളക്ക് ഹൈമാസ്റ്റ് ലൈറ്റ് , ഹാലോജൻ ലൈറ്റ് പരിപാലനം- തെരുവു വിളക്കുകളുടെ കൃത്യമായ വിവരം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Swalih C.P (Auditor, On 13-06-2022) | 1-24 |
| 53 | 2018-19 വർഷത്തെ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തി - തൻവർഷത്തെ വികസനഫണ്ടിൽ നിന്ന് തുക നഷ്ടമായി<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022) | 1-25 |
| 54 | ബഡ്സ് സ്കൂൾ നിർമ്മാണത്തിന് സ്ഥലം വാങ്ങൽ- അനുയോജ്യതാ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022) | 1-26 |
| 55 | ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് എ എം സി നൽകൽ - വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022) | 1-27 |
| 56 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022) | 1-28 |
| 57 | കേരളോത്സവം -ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 15-06-2022) | 1-29 |
| 58 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- സർക്കാർ നിർദ്ദേശം പാലിക്കണം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022) | 1-30 |
| 59 | മഴക്കാലപൂർവ്വശുചീകരണം മുൻകൂർ അനുവദിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022) | 1-31 |
| 60 | ജൈവ വിപണി ശക്തിപ്പെടുത്തൽ പദ്ധതി - തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Rekha C (Asst. Audit Officer, On 15-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-32 |
| 61 | ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 16-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-33 |
| 62 | കുടിവെള്ള പദ്ധതികൾ- പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല | 1-34 |

| | | |
|---|---|---|
| | Written By: Meera T (Audit Officer, On 12-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | |
| 63 | തനത് ഫണ്ട് വൗച്ചർ പരിശോധന – അപാകതകൾ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-35 |
| 64 | മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും-അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു. ചെലവ് തുക നിരാകരിക്കുന്നു<br>Written By: Rekha C (Asst. Audit Officer, On 13-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-36 |
| 65 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അണ്ടത്തോട് സർക്കിൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 15-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-37 |
| 66 | ലൈഫ് ഭവന പദ്ധതി - ഗൃഹ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Rekha C (Asst. Audit Officer, On 15-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും-അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു. ചെലവ് തുക നിരാകരിക്കുന്നു<br>Written By: Rekha C (Asst. Audit Officer, On 16-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 14-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 09-06-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 11-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 16-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Meera T (Audit Officer, On 11-06-2022)<br>Last Updated By: Meera T (Audit Officer, On 11-06-2022) | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Meera T (Audit Officer, On 11-06-2022)<br>Last Updated By: Meera T (Audit Officer, On 11-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Meera T (Audit Officer, On 11-06-2022)<br>Last Updated By: Meera T (Audit Officer, On 11-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Meera T (Audit Officer, On 11-06-2022)<br>Last Updated By: Meera T (Audit Officer, On 05-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Meera T (Audit Officer, On 11-06-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Meera T (Audit Officer, On 05-07-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 27.02.2019 | 1(1) | 379197108 | 396436108 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 7.03.2020 | 19(1) | 388548409 | 370330909 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 5.6.20 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30036279 |
| വരവ് | 138247075 |
| ആകെ | 168283354.00 |
| ചെലവ് | 119703181 |
| നീക്കിയിരിപ്പ് | 48580173 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18920494 | 18920494 | 11621724 | 7298770 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6270353 | 6270353 | 4553685 | 1716668 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10203000 | 10203000 | 2120810 | 8082190 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4776000 | 4776000 | 3267552 | 1508448 |
| സെൻട്രൽ | 0 | 12384053 | 12384053 | 4542154 | 784189 |

| |
|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) |

## 1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 186 | 207308858 | 97 | 66226881 | 30 | 59 | 52.15 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6261 | 1283890 | 1290151 | 827487 | 462664 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് +മെറ്റിരീയൽ കോസ്റ്റ് | 0 | 25936736 | 25936736 | 25936736 | 0 |

തൊഴിലുറപ്പ് സംബന്ധിച്ച വാർഷിക കണക്കിലെ രേഖപ്പെടുത്തലും NREGA ക്യാഷ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല . ആയത് വാർഷിക കണക്ക് അപാകതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6,038,400.00 | 421 |
| വിധവാ പെൻഷൻ | 24,389,400.00 | 1742 |
| വാർദ്ധക്യകാലപെൻഷൻ | 24,564,100.00 | 1726 |
| വികലാംഗ പെൻഷൻ | 5,118,000.00 | 359 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 879,600.00 | 65 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.06.2022 തീയതിയിൽ 3.15 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27002/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1. വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ അനുബന്ധ രജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും പ്രാധാന്യമർഹിക്കുന്നു.

2. ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തിരജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതും,സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

3. റിപ്പോർട്ടിലെ 1-13 മുതൽ 1-21 വരെയുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.5.22 | ജനവരി. ഫെബ്രുവരി, മാർച്ച് 2022 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 5.3.2014 - 10-03-2014 | 2008-09 മുതൽ 2012-13 വരെ | 20.5.2014 |

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11-2 വസ്തു നികുതി -ഡി സി ബി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള ഡി സി ബി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-3 വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ 340 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-4 ക്രമീകരിക്കാൻ അവശേഷിക്കുന്നതായ തുകയേക്കാൾ കൂടുതൽ തുക തൻവർഷം ക്രമീകരിച്ചു

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 23353 | 89510 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 7342 | 38449 |

## 1-11-5 അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതിന് സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു.അതിൽ 805169രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900425 | 31.3.20 | 551917 |

നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900426 | 31.3.20 | 253252 |

5.1 41900390/20.2.20 വൗച്ചർ പ്രകാരം "Prior Period Items" എന്ന നോമിനൽ അക്കൗണ്ടിൽ നിന്നും 16016രൂപ നോൺ-റെസിഡൻഷ്യൽ അരിയർ ഡിമാന്റിലേക്ക് കൊണ്ടുപോയി അരിയർ ഡിമാന്റ് വർദ്ധിപ്പിച്ചിരിക്കുന്നു.ആയതിന് യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.

## 1-11-6 ലൈബ്രറി സെസ്സ് കണക്കാക്കിയതിൽ വ്യത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)72061രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 3432ആണ്.എന്നാൽ ഈ ശീർഷകത്തിൽ 3450രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-7 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ

ച്ചവടെ ചേർക്കുന്നു.

7.1തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

7.2 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

7.3 ക്രിമിറ്റോറിയം ഫീസ് വരവ് രജിസ്റ്റർ

## 1-11-8 വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

റസീപ്റ്റ് ആന്റ് പേയ്മെന്റ് RP – 3,RP –4( ബിൽഡിംഗ് പെർമിറ്റ്,ക്രിമിറ്റോറിയം ഫീസ് ഒഴികെ), RP –5 എന്നീ ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളൊന്നും തന്നെ ഡിസിബി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-9 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-10 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 552,323.00 |
| 280100104-Prior Period Income-Property Tax On Non-residential Bulidings | 232,429.00 |
| 280200201-Prior Period Income - License Fees | (150.00) |
| 280100102-Prior Period Income - Profession Tax - Institutions/ Professionals/ Trader | (600.00) |
| 280200401-Prior Period Income - Other Incomes | (1,195.00) |
| 280800701-Prior Period - Miscellaneous Expenses | (1,830,144.00) |

## 1-11-11 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനം,ക്രമീകരിക്കാനം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനം,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനം നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-12 ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് പ്രകാരം ആസ്തി മൂല്യം 60372777രൂപയാണ് . ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-13 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത്

18543894രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21680370 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ മേൽ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-11-14 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം 7805905 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-11-15 ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ 1-17 (A) പ്രകാരം 10 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2020 ലെ മൂല്യം |
|---|---|---|
| 1 | 410710199- Movable Asset Others | 683632 |

## 1-11-16 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-11-17 തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കും ക്യാഷ് ബുക്കും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ Income And Expenditureപത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. RP 40 (B) പ്രകാരമുള്ള നീക്കിയിരിപ്പും ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-11-18 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഇനങ്ങളുടെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടാത്ത ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു

| ഇനം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Suppliers Security Deposit -വരവ് | 5101 | 5000 |
| Suppliers Security Deposit -ചെലവ് | 21774 | 21673 |
| Other Deposit- ചെലവ് | 18078 | 19328 |

മേൽ ഇനങ്ങളിൽ വാർഷിക കണക്കിൽ (മുന്നിരിപ്പ് + വരവ് ) - ചെലവ് = നീക്കിയിരിപ്പ് എന്ന രീതിയിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു

## 1-11-19 അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

അഡ്വാൻസ് രജിസ്റ്ററിൽ വിവിധ അഡ്വാൻസുകളുടെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

19.1 RP -47പ്രകാരം Advance To Others എന്ന ഇനത്തിൽ 1117057രൂപയുടെ ചെലവ് രേഖപ്പെടുത്തി കാണുന്നു എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

19.2 B-18പ്രകാരം Advance To Implimenting Officers എന്ന ഇനത്തിൽ 190000രൂപ ചേർത്തിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

## 1-11-20 എ സി ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് എ സി ആർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

## 1-11-21 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്കുള്ള എ സി ആർ - ൽ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തുന്നില്ല

RP -31 പ്രകാരം വരവ് വന്നിട്ടുള്ള താഴെപ്പറയുന്ന ഇനങ്ങൾ പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്കുള്ള എ സി ആർ - ൽ ഉൾപ്പെടുത്തി കാണുന്നില്ല.

320100299- Other Central Govt. Grants - 49143845

320200323 – Keralolsavam- 20000

320800101- Beneficiary Contribution - 990177

320800299Donation To Flood- 10940

## 1-11-22 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് / ട്രഷറി അക്കൌണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1297358 | 450650109 | ട്രഷറി സ്പെ. ടി എസ് ബി 794 | 6105634 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 218262 | | | |
| 3. | 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3367725 | | | |
| 4 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 1100000 | | | |
| 5 | 320300102 | ജലനിധി - എസ് ബി ടി | 1226656 | 450410104 | എസ് ബി ടി | 1292863 |
| | | | | | | |

## 1-11-23 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450630101 | എം എൻ ലക്ഷം വീട് - TDCB | 89641 |
| 2 | 450420101 | Life Mission CSB | 2184491 |
| 3 | 450620102 | Rurban - HDFC | 14042241 |
| 5 | 450620101 | South Indian Bank | 417130 |

## 1-11-24 പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയ എല്ലാ പദ്ധതികളുടെയും വിവരങ്ങൾ Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കാണുന്നില്ല. ഉദാ:- പ്രോജക്ട് നം 116/20

## 1-11-25 ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11-26 ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

TDCB - ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

## 1-11-27 ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കിൽ താഴെപ്പറയും പ്രകാരം ലോൺ വരവും , തിരിച്ചടവും നീക്കിയിരിപ്പും കാണിച്ചിട്ടുണ്ട്.

| ലോൺ ഇനം | വരവ് ( RP -32 പ്രകാരം) | തിരിച്ചടവ് ( RP -32 പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കി ( Balance Sheet B -5 ) |
|---|---|---|---|
| Secured Loan From KURDFC | 28279 | 16150 | 18815926 |

സെക്രട്ടറിയുടെ പദ്ധതികൾ പ്രകാരമുള്ള തിരിച്ചടവിന്റെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി കാണുന്നില്ല.

## 1-11-28 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-29 സാമൂഹ്യ ക്ഷേമ പെൻഷനുകൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-12 ബജറ്റ് - അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 214(5)- ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷങ്ങത്തിൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | ഇനം | ബജറ്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 250100201 | Agriculture And Related Sectors - Other Crops | 0 | 350186 |
| 2 | 250103401 | Animal Husbandry -Calf | 0 | 304000 |
| 3 | 250104101 | Animal Husbandry -Related Facility | 0 | 500000 |
| 4 | 250106001 | Fish Marketing | 0 | 96103 |
| 5 | 250200101 | Soil And Water Conservation | 0 | 59377 |
| 6 | 250300102 | Small Scale Industries And Micro Enterprises | 0 | 158434 |
| 7 | 250500501 | Biogas Plant | 0 | 30135 |
| 8 | 251200101 | PHC, CHC &Other Hospitals/Dispensaries | 0 | 40000 |
| 9 | 251200201 | Public Health Programs | 990000 | 1244258 |
| 10 | 251200801 & 251200802 | Drinking Water | 416000 | 614598 |
| 11 | 251300801 | Total Poverty Alleviation Programs | 0 | 4950 |
| 12 | 251301201 | Other Social Security Programs | 150000 | 1184400 |
| 13 | 251400102 | Development Programs For Women And Children | 0 | 750000 |
| 14 | 251410101 | Anganwadi Nutrition | 0 | 927935 |
| 15 | 252300101 | Public Buildings | 0 | 433500 |
| 16 | 253100101 | Drinking Water Related Projects | 0 | 1038465 |
| 17 | 254200199 | State Sponsored Schemes | ഇല്ല | 505000 |

| | | | | |
|---|---|---|---|---|
| 18 | 255100101 &255100102 | Maintenance Projects - Road Assets | 0 | 315246 |
| 19 | 255200703 | Maintenance Projects - Non Road Assets- Transferred Institutions - Ayurveda (Hospitals/Disp) | 0 | 700000 |
| 20 | 255200803 | Maintenance Projects - Non Road Assets- Transferred Institutions - Homeopathy (Hospitas)l | 0 | 175000 |
| 21 | 255201799 | Maintenance Projects - Non Road Assets- Other Transferred Assets | 0 | 279515 |

ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിച്ചതിനു വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/10.6.2022) മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 6 ആം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) |
|---|---|---|---|---|
| 1 | 6/2 | ഹനീഫ | പാർപ്പിടം | 178 |
| 2 | 6/155 | കുട്ടൻ | പാർപ്പിടം | 74 |
| 3 | 6/218 | ബീവാത്തു | പാർപ്പിടം | 102 |
| 4 | 6/269 | വിക്രമൻ | പാർപ്പിടം | 116 |
| 5 | 6/294 | ശംസുദ്ധീൻ | പാർപ്പിടം | 70 |
| 6 | 6/377 | അമ്മു | പാർപ്പിടം | 102 |
| 7 | 6/493 | ആമിനമ്മ | പാർപ്പിടം | 102 |
| 8 | 6/536 | ഉമ്മർ | പാർപ്പിടം | 120 |
| 9 | 6/537 | അലി | പാർപ്പിടം | 130 |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തി പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ 6 ആം വാർഡ് മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 6/2 | ഹനീഫ | പാർപ്പിടം | 178 | 1089 |
| 2 | 6/269 | വിക്രമൻ | പാർപ്പിടം | 116 | 1098 |
| 3 | 6/536 | ഉമ്മർ | പാർപ്പിടം | 120 | 567 |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ പരാമർശിച്ചത് പോലെ കെട്ടിടങ്ങളുടെ നികുതി ഡിമാൻഡ് ഇല്ലാതെ പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിൽ വ്യക്തത വരുത്തി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

## 1-15 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ

പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്.ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.(1,6 എന്നീ വാർഡുകളിലെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ടത് )

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 1/ 71 A | മൊയ്തു വലിയ വീട്ടിൽ | ദേശിയ പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 1/ 71 B | മൊയ്തു വലിയ വീട്ടിൽ | ദേശിയ പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 2 | 6/ 563 | നാലകത്തു സറഫുദ്ധീൻ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 6/ 564 | നാലകത്തു സറഫുദ്ധീൻ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 3 | 6/ 463 A | സക്കറിയ,കറുപ്പംവീട്ടിൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 6/ 464 | ഉമ്മർ, കരുംവീട്ടിൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 6/ 465 | ഇബ്രാഹിം , പുന്നയൂർക്കളം | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 4 | 6/ 412 | ഉസ്മാൻ ,ചന്ദനത്തേൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 6/ 413 | ഉസ്മാൻ ,ചന്ദനത്തേൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 5 | 6/ 119 | റംല , കന്നനയിൽ | ചങ്ങരംകുളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 6/ 120 | റംല , കന്നനയിൽ | ചങ്ങരംകുളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 6 | 6/ 116 | റംല , കന്നനയിൽ | ചങ്ങരംകുളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 6/ 117 | റംല , കന്നനയിൽ | ചങ്ങരംകുളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 7 | 6/ 92 | നഫീസ ,ചെരപ്പറമ്പിൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 6/ 93 | മൊയ്തുണ്ണി,കരുവീട്ടിൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല.ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | റസീറ്റ് ഐ ഡി | റസീറ്റ് നമ്പർ/തീയതി | തുക | കളക്ഷൻ വർഷം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 17/286 | കുമാരൻ സത്യൻ,രാജൻ,ധർമ്മൻ,പത്മാവതി | 703932 | 119060102791/ 14.10.2019 | 358 | 2019 | സഞ്ചയ പ്രകാരം നികുതി കുടിശ്ശിക ഇല്ല. എന്നാൽ 2019-20 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 2 | 17/288 | ശ്രീമതി | 703933 | 119060102792/ 14.10.2019 | 348 | 2019 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. എന്നാൽ 2019-20 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 3 | 18/121 | ഷംസുട്ടി | 705336 | 119060104074/ 8.11.2019 | 1030 | 2019 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. എന്നാൽ 2020-21 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല.2019-20 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2020-21 ലെ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| 4 | 5/4/A | ഹനീഫ | 705463 | 119060104185/ 11.11.2019 | 1267 | 2019 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്.എന്നാൽ 2020-21 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല.2019-20 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2020-21 ലെ തുക അടവാക്കിയിട്ടില്ലെങ്കിലും |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| 5 | 8/252 | ഖാദർ | 706847 | 119060105269/ 23.12.2019 | 434 | 2019 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്.എന്നാൽ 2019-20 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 6 | 11/206 | ടി പി ഉണ്ണി മുതൽപേർ | 708751 | 119060106728/ 25.2.2020 | 3413 | 2019 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്.എന്നാൽ 2020-21 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല.2019-20 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2020-21 ലെ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| | ആകെ | | | | 6850 | | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇത് പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു. റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത രസീത് മുഖേനയുള്ള വരുമാനം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്ന ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 പൊളിച്ച് മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച് കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ 1,4,വാർഡുകളിലെ 2020-21 വർഷത്തിൽ പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തോടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ/ തീയതി | കെട്ടിട നമ്പർ | പേര് | ഉപയോഗ ക്രമം | നികുതി ഒടുക്കാത്ത കാലയളവ് | ഒഴിവാക്കി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | B4/1383/2020 6.3.2020 | 8/148 | മൊയ്തുണ്ണി മുസ്ലിയാർ ,വലവത്തു കരുവളപ്പിൽ | പാർപ്പിടം | 2019 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | 513 |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല. പൊളിച്ചുകളഞ്ഞതു കൊണ്ട് നികുതി ഒഴിവാക്കി നൽകണമെന്ന് അപേക്ഷ ലഭിക്കുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന

ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21 (2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 15/ 216,217 | ലൈല ,മുതലകുളങ്ങര | B3/1683/19 9.10.2019 | 1.4.2019-30.9.2019 |
| 2 | 19/ 1 A | കെ പി രഞ്ജിത്ത് കുമാർ ,കൊച്ചൻ ഹൗസ് | B3/1723/19 9.10.2019 | 1.4.2019-30.9.2019 |
| 3 | 13/ 226 | കുര്യാക്കോസ് , ചൊവല്ലൂർ | B1-1655/2019 5.4.2019 | 1.4.2019-30.9.2019 |
| 4 | 19/ 1 A | കെ പി രഞ്ജിത്ത് കുമാർ ,കൊച്ചൻ ഹൗസ് | B3/4799/2019 10.10.2019 | 1.10.2019-31.3.2020 |

ഇപ്രകാരം ഇളവ് നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കണക്കാക്കി ആയത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 1-20 തൊഴിൽ നികുതി - അപാകങ്ങൾ

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | ആകെ ശമ്പളം | അടയ്ക്കേണ്ടത് | അടച്ചത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | ആർ.ആർ.എം. യു.പി,സ്കൂൾ, പുന്നയൂർക്കുളം | ഷിജി.പി.കെ | ഒന്നാം അർദ്ധ വർഷം | 186825 | 1250 | 1000 | 250 |
| 2 | ആർ.ആർ.എം. യു.പി,സ്കൂൾ, പുന്നയൂർക്കുളം | ഷിജി.പി.കെ | രണ്ടാം അർദ്ധ വർഷം | 135439 | 1250 | 1000 | 250 |
| 3 | പോസ്റ്റ് ഓഫീസ് അണ്ടത്തോട് | എം.കെ.ദിവ്യ | ഒന്നാം അർദ്ധ വർഷം | 72000 | 600 | 300 | 300 |
| | | | | | | ആകെ | 800 |

2. രജിസ്റ്ററുകളിൽ പല സ്ഥാപനങ്ങളുടെയും നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ സ്ഥാപന നികുതി അടവാക്കിയതിന്റെ വിവരങ്ങളും അപൂർണ്ണമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 33/13.6.2022) മറുപടി ലഭ്യമാക്കിയില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ലൈസൻസ് - അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജി.ഒ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ്

സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മുൻപുണ്ടായിരുന്ന പട്ടിക2 ഒഴിവാക്കി , മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ 12.03.2018 ലെ 8/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ഓരോ സംരംഭങ്ങൾക്കും ബാധകമായ ലൈസൻസ് ഫീസ് താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ക്രമ നംപർ | സംരംഭത്തിന്റെ തരം | ലൈസൻസ് ഫീസ് |
|---|---|---|
| 1. | മൈക്രോ എൻറർപ്രൈസസ് | 500 |
| 2. | മിനി എൻറർപ്രൈസസ് | 1000 |
| 3 | സ്മാൾ എൻറർപ്രൈസസ് | 5000 |
| 4 | മീഡിയം എൻറർപ്രൈസസ് | 10000 |
| 5 | ലാർജ്ജ് എൻറർപ്രൈസസ് | 15000 |

1. എന്നാൽ ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് നിശ്ചയിക്കപ്പെട്ട നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിലാണ്. മേൽ കമ്മിറ്റി തീരുമാന പ്രകാരം ഏറ്റവും കുറഞ്ഞ ഫീസ് 500 രൂപയാണെന്നിരിക്കേ 100 രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കിയിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| കെട്ടിട നം | ഉടമ/സ്ഥാപനം | അപേക്ഷ പ്രകാരം മൂലധനം | പഞ്ചായത്തു കമ്മിറ്റി തീരുമാനപ്രകാരം ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 4/367 | കബീർ പേരോതയിൽ , മുഷാത് ഇൻഡസ്ട്രീസ് | 500000 | 500 | 300 |
| 11/464 | എം.സി ബാലൻ ദേവാസുര ഇൻ | 6000000 | 5000 | 2000 |
| 12/428 | നാരായണൻ കെ എ സുരഭി വുഡ് ക്രാഫ്റ്റ് | 300000 | 500 | 300 |
| 11/298,300 | ഇ ഡി നിഷ, കുന്നത്തൂർ മന | 3200000 | 5000 | 1000 |
| 5/282 A,B,C | വിജയൻ ടി കെ മോഡേൺ മോട്ടോർസ് | 2000000 | 1000 | 500 |
| 12/ 256 | ഡോ.രാജേഷ് കൃഷ്ണൻ ശാന്തി ഹോസ്പിറ്റൽ | 43570000 | 10000 | 5000 |

2. 2019-20 വർഷം ആദ്യത്തെ 50 ലൈസൻസ്സ് അപേക്ഷ പരിശോധിച്ചതിൽ 10 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് മേൽ കമ്മിറ്റി തീരുമാനപ്രകാരം നിശ്ചയിക്കപ്പെട്ട നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

3. ഗ്രാമപഞ്ചായത്തിലെ 5,13 എന്നീ വാർഡുകളിൽ നിന്നും നിന്ന് വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 30 മുതൽ 110 വരെയുള്ള നമ്പർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി ആയതിനനുസരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം/ ഉടമ | ലൈസൻസ് രജിസ്റ്റർ ക്രമ നം. | കെട്ടിട നമ്പർ |
|---|---|---|---|
| 1 | അബ്ദുള്ള കുട്ടി , സ്റ്റേഷനറി കട | 42 | 5/108 |

| | | | |
|---|---|---|---|
| 2 | അബ്ദുൾ റഹിമാൻ , റോക്ക് ൻ റോഡ് സൈക്കിൾസ് & ടോയ്സ് | 101 | 13/45 |
| 3 | അബ്ദുൾ റഹിമാൻ , റോക്ക് ൻ റോഡ് സൈക്കിൾസ് & ടോയ്സ് | 101 | 13/46 |
| 4 | അബ്ദുൾ റഹിമാൻ , റോക്ക് ൻ റോഡ് സൈക്കിൾസ് & ടോയ്സ് | 101 | 13/47 |
| 5 | അബ്ദുൾ റഹിമാൻ , റോക്ക് ൻ റോഡ് സൈക്കിൾസ് & ടോയ്സ് | 101 | 13/48 |
| 6 | അബ്ദുൾ റഹിമാൻ , റോക്ക് ൻ റോഡ് സൈക്കിൾസ് & ടോയ്സ് | 101 | 13/49 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/13.6.2022)മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമായിരിക്കേണ്ടതായുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യുപൻസി ഉറപ്പാക്കേണ്ടതും. ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളിൽ നിന്ന് നിയമപ്രകാരമുള്ള ഫീ ഈടാക്കുന്നുണ്ടെന്ന ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 കളക്ട് ചെയ്ത തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

25/10/2019-ൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് നൽകിയ രശീത് ബുക്ക് നം 49067 പ്രകാരം ലഭിച്ച താഴെ പറയുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

| രശീത് നം/തീയതി | തുക |
|---|---|
| 49067/2 തീയതി രേഖപ്പെടുത്തിയിട്ടില്ല | 736 |
| 49067/4 തീയതി 28/2/2020 | 760 |
| 49067/5- തീയതി 28/2/2020 | 760 |
| 49067/6 തീയതി 28/2/2020 | 760 |
| ആകെ | 3016 |

തുക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.15 തീയതി 09.06.2022)

## 1-23 ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയ തുകയായ 37224/- രൂപ ഇതു വരെയും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല. പ്രസ്തുത തുക തിരികെ ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 തെരുവു വിളക്ക് ഹൈമാസ്റ്റ് ലൈറ്റ് , ഹാലോജൻ ലൈറ്റ് പരിപാലനം- തെരുവു വിളക്കുകളുടെ കൃത്യമായ വിവരം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് നം - 143/20

ചെലവ് - 750000 ( തനത് ഫണ്ട്)

| വൗച്ചർ നം | തുക |
|---|---|
| 21900565/5.10.19 | 30000 |
| 21900566/10.10.19 | 157500 |
| 21901218/30.3.20 | 375000 |
| 21900266/10.7.19 | 187500 |

സ്പിൽ ഓവർ ആയിട്ടാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് ടെണ്ടർ നടപടികൾ മുൻ വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. താഴെപ്പറയും പ്രകാരമുള്ള തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്

| തെരുവു വിളക്കിന്റെ ഇനം | എണ്ണം |
|---|---|
| ഓർഡിനറി 40w | 109 |
| ഫ്ലൂറസന്റ് സിംഗിൾ ട്യൂബ് 40w | 258 |
| മെർക്കുറി വേപ്പർ ലാമ്പ് 250w | 15 |

| | |
|---|---|
| സോഡിയം വേപ്പർ ലാമ്പ് 100w | 21 |
| സി എഫ് എൽ ഡബിൾ 11w | 20 |
| ഹൈമാസ്റ്റ് | 2 |
| എൽ ഇ ഡി ലൈറ്റ് 24W | 296 |
| എൽ ഇ ഡി ലൈറ്റ് 20W | 550 |
| എൽ ഇ ഡി ലൈറ്റ് 36W | 252 |

ടെണ്ടറിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ എ കെ ഇലക്ട്രിക്കൽസ് , പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ( 1.3.19ലെ 2(1)തീരുമാനം) 2.3. 19 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുള്ളതാണ്.

സ്ഥാപനം 5.3.19ന് 11/18-19ാം നമ്പറായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനം നൽകിയ ഇൻവോയ്സുകളുടെയും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളുടെയും അടിസ്ഥാനത്തിലാണ് കരാർ സ്ഥാപനത്തിന് മേൽ പ്രകാരമുള്ള തുക അനുവദിച്ചിരിക്കുന്നത്.

ഇത് പ്രകാരം 24W,20W,36W എൽ ഇ ഡി ലൈറ്റുകളും ,സിംഗിൾ ട്യൂബ് ,ഡബിൾ ട്യൂബ്,ഹൈമാസ്റ്റ് എന്നിവയാണ് റിപ്പയർ ചെയ്തിരിക്കുന്നത്

മേൽ ചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- തെരുവു വിളക്കു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലുംരജിസ്റ്ററിൽ 24W,20W,36W എൽ ഇ ഡി ലൈറ്റുകളുടെയും സിംഗിൾ ട്യൂബിന്റെയും വിവരങ്ങൾ മാത്രമാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ തന്നെ പഞ്ചായത്ത് പരിധിയിൽ എത്ര ഡബിൾ ട്യൂബ്, ഹൈമാസ്റ്റ്, ,മെർക്കുറി വേപ്പർ ലാമ്പ്, സോഡിയം ലാമ്പ്,ഓർഡിനറി ബൾബ് എന്നിവ ഉണ്ട് എന്നത് സംബന്ധിച്ച കൃത്യമായ ഒരു വിവരം ലഭ്യമല്ല.

- കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം സൂക്ഷിച്ചിട്ടില്ല.

- കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

- 5.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

- തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്.എന്നാൽ മേൽ കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി – 28/13.6.22)

## 1-25 2018-19 വർഷത്തെ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തി - തൻവർഷത്തെ വികസനഫണ്ടിൽ നിന്ന് തുക നഷ്ടമായി

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്റ്റ് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ , 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ച് കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം -1പ്രകാരം പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുകയായി ₹700800 /രൂപയും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം -1പ്രകാരം പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ രണ്ടാം പകുതിയിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുകയായി ₹700800/- യും നിർദ്ദേശിച്ചിരുന്നതാണ്. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ മേൽ നിർദ്ദേശ പ്രകാരം മുഴുവൻ തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാൽ 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 പ്രകാരം പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത് അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടുന്ന തുകയായ ₹700800/-രൂപ 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവു ചെയ്തിട്ടുള്ളതുമാണ്.

സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ വികസനാവശ്യത്തിന് 2019-20 ൽ ലഭ്യമാകേണ്ട തുകയിൽ ഇത് കാരണം കുറവുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഭരണ പരമായ കാര്യങ്ങളിലെ ശ്രദ്ധക്കുറവ് മൂലം ജനങ്ങളുടെ വികസനാവശ്യത്തിനായി ചെലവഴിക്കേണ്ടുന്ന പദ്ധതി പണം ഇപ്രകാരം നഷ്ടപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി(1/6.6.22) നൽകിയതിന് മറുപടി ലഭ്യമാക്കുകയുമുണ്ടായില്ല . മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 ബഡ്സ് സ്കൂൾ നിർമ്മാണത്തിന് സ്ഥലം വാങ്ങൽ- അനുയോജ്യതാ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പദ്ധതി നം - 182/20

വൗച്ചർ നം -21900749/3.12.19 തുക 135665

ബഡ്സ് സ്കൂൾ നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം ശ്രീ ഊക്കയിൽ ഹബീബ് റഹ്മാൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള 390/1ാം നമ്പർ സർവെ നമ്പറിലുള്ള 25.50സെന്റ് സ്ഥലം സൗജന്യമായി പഞ്ചായത്തിന് വിട്ട് നൽകിയതിൻ പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിലേക്കായാണ് തനത് ഫണ്ടിൽ നിന്നും മേൽ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്.

ഇപ്രകാരം ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും അനുയോജ്യതാ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. എന്നാൽ 11.11.19 ലെ എ5-2050/19കത്ത് പ്രകാരം ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീയോട് ആയത് ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ സാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. കൂടാതെ ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് ( എൻക്വയറി നം - 28/13.6.22)

## 1-27 ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് എ എം സി നൽകൽ - വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല

19-20 - പദ്ധതി നം - 6/20

| വൗച്ചർ നം /തിയതി | തുക ( തനത് ഫണ്ട്) |
|---|---|
| 21900481/24.9.19 | 21500 |
| 21901217/30.3.20 | 10750 |
| 22001174/24.3.21 | 10750 |

Windows 7ഉം അതിന് മുകളിലും ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള 20കമ്പ്യൂട്ടറുകൾക്കും , 2KVയുടെ 2 UPS നുമുള്ള വാർഷിക അറ്റകുറ്റപണിക്കായി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ Align Infotech, Cochi എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും മേൽ പ്രകാരമുള്ള തുക കൈമാറുകയും ചെയ്തിട്ടുണ്ട്. സ്ഥാപനവുമായുള്ള കരാർ( 2/26.8.19) പ്രകാരം രണ്ട് തവണകളായി തുക കൈമാറുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ 20-21ൽ സ്പിൽ ഓവർ ആയിട്ടാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്.എന്നാൽ ഏതെല്ലാം കമ്പ്യൂട്ടറുകൾക്കാണ് എ എം സി നൽകിയിരിക്കുന്നത് എന്നത് ഫയലിൽ നിന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിൽ കമ്പ്യൂട്ടറുകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എ എം സി നൽകിയതിന്റെ വിവരങ്ങളൊന്നും തന്നെ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ രജിസ്റ്റർ പ്രകാരവും കൃത്യമായ വിവരം ലഭിക്കുക സാധ്യമല്ല. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (എൻക്വയറി നം – 28/13.6.22)

## 1-28 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി കൈമാറിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| ക്രമനം | പദ്ധതി നം /പദ്ധതിയുടെ പേര് | തുക അനുവദിച്ചത് | ബിൽ നം / വൗച്ചർ നം/ തിയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 8/20<br>ഐ കെ എം വിഹിതം | ഐ കെ എം | 05/19-20 /30.7.19 | 62938 | |
| 2 | 205/20<br>കാൻ - തൃശ്ശൂർ | ജില്ല പഞ്ചായത്ത് | 21900820/6.11.19 | 80000 | |
| 3 | 203/20<br>കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ധനസഹായം- | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 21901011/6.11.19 | 250000 | |

| | | | | | |
|---|---|---|---|---|---|
| | KSSM ന് തുക കൈമാറൽ | | | | |
| 4 | 214/20 വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി ( അസി. എഞ്ചി. ഇലക്ട്രിക്കൽ സെക്ഷൻ , പുന്നയൂർക്കുളം) | 21901135/13.3.20 | 106405 | കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല. |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി – 4/6.6.22)

## 1-29 കേരളോത്സവം -ചെലവ് രേഖകൾ ഹാജരാക്കിയില്ല

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ കേരളോത്സവം എന്ന പദ്ധതിയ്ക്കായി ( പദ്ധതി നം 7/20) 55000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വൗച്ചറും അനുബന്ധ ചെലവ് രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരക്കേണ്ടതാണ്.

## 1-30 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- സർക്കാർ നിർദ്ദേശം പാലിക്കണം

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ. (എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച കാര്യത്തിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ( എൻക്വയറി നം -2/6.6.22)മറുപടി ലഭ്യമാക്കുകയുണ്ടായില്ല.മേൽ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്

## 1-31 മഴക്കാലപൂർവ്വശുചീകരണം മുൻകൂർ അനുവദിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

മഴക്കാലപൂർവ്വ ശുചീകരണത്തിനായി 2018-19വർഷത്തിൽ അനുവദിച്ച 190000 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഈ തുക ബാലൻസ് ഷീറ്റിൽ B -18ഷെഡ്യൂളിൽ Advance To Implimenting Officers എന്ന ഹെഡ്ഡിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി ചേർത്തിട്ടുണ്ട്. തുക നാളിതുവരെ ക്രമീകരിക്കാതിരുന്നതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് എൻക്വയറി(11/9.6.22) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുക ക്രമീകരിച്ച് ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-32 ജൈവ വിപണി ശക്തിപ്പെടുത്തൽ പദ്ധതി - തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

പദ്ധതി നം. S0126/20

അടങ്കൽ- 50000(വി.ഫ ജനറൽ)

ചെലവ് -50000( വൗച്ചർ നം.21900301/17.04.2019)

S0041/19 പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതി. മേൽ വൗച്ചർ പ്രകാരം 50000 രൂപ എക്കോ ഷോപ്പ് പുന്നയൂർക്കുളം എന്ന പേരിൽ കേരള ഗ്രാമീൺ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് (നം .40296101025909) ട്രാൻസ്ഫർ ചെയ്തു നൽകി. ടി തുക നാളിതു വരെ വിനിയോഗിച്ചിട്ടില്ല. എക്കോഷോപ്പിന്റെ പ്രവർത്തനം വിവിധ കാരണങ്ങളാൽ തടസ്സപ്പെട്ടു എന്നും പ്രവർത്തനം തുടരുവാൻ താത്പര്യമില്ലെന്ന് കുടുംബശ്രീ പ്രവർത്തകർ അറിയിച്ചുവെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.23/13.06.22) മറുപടി നൽകിയിട്ടുണ്ട്. വിനിയോഗിക്കാത്ത പദ്ധതി വിഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ് .

## 1-33 ഐസിഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1)S0021/20-അനുപൂരക പോഷകാഹാര വിതരണ പദ്ധതി

അടങ്കൽ- 3196750

ചെലവ്- 2254588

അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി വൗച്ചർ നം .21900516/17.8.19 പ്രകാരം വികസന ഫണ്ടിൽ നിന്നും അമൃതം ഫുഡ് സപ്ലിമെന്റിന് 340483 രൂപ അനുവദിച്ചു . അമൃതം ഫുഡ് സപ്ലിമെന്റ് നൽകിയ ഇൻവോയ്സുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തീയതി | തുക |
|---|---|
| 264/30.4.19 | 111903 |
| 265/30.4.19 | 10080 |
| 283/31.05.19 | 95917 |
| 284/31.05.19 | 10080 |
| 294/28.06.19 | 111903 |
| ആകെ | 339883 |

മേൽ ബില്ലുകൾ പ്രകാരം നൽകേണ്ട 339883/- രൂപക്കു പകരം 340483/- രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ 600 രൂപ തിരികെ ഈടാക്കേണ്ടതാണ്.

2)S0025/20- വൃദ്ധർക്ക് കട്ടിൽ

അടങ്കൽ- 278800

ചെലവ്- 100000(വൗച്ചർ നം . 21901180/18.03.20)

പദ്ധതിയുടെ ഭാഗമായി 4100 രൂപ നിരക്കിൽ 68 കട്ടിലുകൾ BSGST Agencies എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തു. എന്നാൽ 1,3,4,6,14,15 എന്നീ വാർഡുകളിൽ ഒരേ ആൾ തന്നെ കട്ടിൽ കൈപ്പറ്റിയതായി വിതരണ രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. ടി വാർഡുകളിൽ മെമ്പർമാർ മുഖേനയാണ് കട്ടിൽ വിതരണം ചെയ്തതെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറയുന്നു. ഗുണഭോക്താക്കളിൽ നിന്നുള്ള കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല.ആയതു ലഭ്യമാക്കുന്നതു വരെ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി .നം.24/13.06.22)

## 1-34 കുടിവെള്ള പദ്ധതികൾ- പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ കുടിവെള്ള പദ്ധതികൾക്കായി തൻ വർഷത്തിൽ ഭൂജല വകുപ്പിൽതുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ഫണ്ട് | അടങ്കൽ | ചെലവ് വിശദാംശങ്ങൾ | ഇ വൗച്ചർ |
|---|---|---|---|---|---|
| 1. | S0208/20ചെറായി വാസു സ്മാരകകുടിവെള്ള പദ്ധതി | വികസന ഫണ്ട് | 675000 | 375000 | 22000483/15-8-2020 |
| 2. | S0195/20ചെറായി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി | വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 330000 106535 223465 | 223465 200000 23465 | 21901022/11-12 /1921901065/18-2-20 |
| 3. | S0194/20 കുനത്തയിൽ കോളനി കുടിവെള്ള പദ്ധതി | വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 245000 | 200000 45000 | 21901010/30-10-19 21901066/ 18-2-20 |

പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-35 തനത് ഫണ്ട് വൗച്ചർ പരിശോധന - അപാകതകൾ

തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വൗച്ചർ നം 21900716/ 26.11.19 വൗച്ചർ പ്രകാരം എ.പി.ജെ അബ്ദുൾ കലാം റോഡിലുള്ള പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിന് കെ എസ് ഇ ബിയ്ക്ക് 16654രൂപ കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. വൗച്ചർ നം. 21900132/ 22.5.19 തുക 21200

പഞ്ചായത്ത് വാഹനത്തിന്റെ ( KL 46 D 1646) എ സി റിപ്പയർ ചെയ്ത വകയിൽ വടാശ്ശേരി ഓട്ടോ കെയർ സെന്റർ എന്ന സ്ഥാപനത്തിനാണ് മേൽ പ്രകാരം തുക നൽകിയിരിക്കുന്നത്. പ്രതീക്ഷിത ചെലവ് കസ്റ്റോഡിയൻ ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതും ആയത് പതിനായിരം രൂപയ്ക്ക് മുകളിലാണെങ്കിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ

ഇത്തരത്തിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായോ പ്രതീക്ഷിത ചെലവ് കണക്കാക്കിയതായോ കാണുന്നില്ല.

3. വൗച്ചർ നം.21900909/17.1.20 തുക 23770

റർബൻ ഹോംലി ഹെൽത്ത് കെയർ ഷെൽറ്ററിലെ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിനാണ് മേൽ പ്രകാരമുള്ള തുക കെ.എസ്.ഇ.ബിയ്ക്ക് കൈമാറിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്( ഓഡിറ്റ് എൻക്വയറി നം - 25/13.6.22)

## 1-36 മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും-അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു. ചെലവു തുക നിരാകരിക്കുന്നു

പ്രോജക്റ്റ് - S060/20മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ,ഐസ്ബോക്സും

നിർവഹണഉദ്യോഗസ്ഥൻ- സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ഫണ്ട്,അടങ്കൽ -വികസനഫണ്ട്,480000

ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടക്കുന്നത്)12000

ഗുണഭോക്തൃ വിഹിതം(നേരിട്ട് ചെലവഴിക്കുന്നത്)228000

ആകെ-480000

ചെലവ്-96103

ട്രഷറി ബിൽ

1.1/13-11-2019- 55603 ഇ വൗച്ചർ- 21900823/12-11-19

2.2/30-1-2020-28500 ഇ വൗച്ചർ- 21901055/30-1-20

മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ,ഐസ്ബോക്സും നൽകുന്ന പദ്ധതിക്കായി മേൽട്രഷറി ബില്ലുകൾ പ്രകാരം മൂന്ന് മത്സ്യത്തൊഴിലാളികൾക്ക് തുക കൈമാറിയിട്ടുണ്ട്. സ.ഉ(കൈ) നം.22/2018/ തസ്വഭവ, തീയതി 14-2-2018, ഖണ്ഡിക3ക്രമ നം.20,21 പ്രകാരംമത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും, ഐസ്ബോക്സും അടങ്ങുന്ന യൂണിറ്റിന്, യൂണിറ്റ് വിലയുടെ 50% തുകയാണ് അനുവദിക്കാവുന്നത്. പരമാവധി പരിധി 30000 രൂപയാണെന്നും ഉത്തരവിൽ പറയുന്നു. (മോട്ടോർ സൈക്കിൾ - 28500, ഐസ്ബോക്സ്1500) പദ്ധതിയിൽ മോട്ടോർ സൈക്കിളും, ഐസ്ബോക്സും അടങ്ങുന്ന യൂണിറ്റായല്ല, മറിച്ച്ഇനങ്ങൾ പ്രത്യേകമായാണ് വാങ്ങിയിട്ടുള്ളത്. 1500 രൂപമത്സ്യത്തൊഴിലാളികൾ ഗുണഭോക്തൃ വിഹിതം അടവാക്കുകയും, മത്സ്യ ഫെഡ് വ്യാസ സ്റ്റോറിൽ നിന്ന് ഐസ്ബോക്സ് വാങ്ങി നൽകുകയുമാണ് ചെയ്തത്. മോട്ടോർ സൈക്കിളിന് എക്സ്ഷോറൂം വിലക്കാണ് (വിലയുടെ 50%തുക) അർഹതയുള്ളത്. ടാക്സ്, ഇൻഷ്വറൻസ് മുതലായവ ഇതിൽഉൾപ്പെടുന്നില്ല. എന്നാൽ ഗുണഭോക്താക്കൾക്ക് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | മോട്ടോർ സൈക്കിൾ വില | അർഹമായത് | അനുവദിച്ചത് | അധികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ജമാലു,തെക്കേപ്പുറത്ത് | 49701 | 24851 | 28500 | 3649 | ഇൻവോയ്സ്- S1449/19-9-2019(grace Motors ,Chavakkad) |
| | മുഹമ്മദാലി,മമ്മികുട്ടിയകത്ത് | 44215 | 22108 | 27103 | 4995 | BEFM6742QIZT/18-10-2019(modern Motors Punnayurkulam) |
| | ഉമർഫാറൂഖ്,തെക്കേകാട്ടിൽ | 48414 | 24207 | 28500 | 4293 | BG2001888/22-1-2020(kvr Bikes Ponnani) |
| | ആകെ | | | | 12937 | |

പ്രഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഒറിജിനൽ ബില്ലുകൾ ഫയലിലില്ല. നിലവിൽ മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും, ഐസ്ബോക്സും ഇല്ലാത്തവരാണെന്ന വ്യക്തമാക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല.

മാർഗരേഖക്ക വിരുദ്ധമായി ആനുകൂല്യം അനുവദിച്ചതിനാൽ 12937 രൂപ നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി 31 /13-6-22) ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അണ്ടത്തോട് സർക്കിൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അണ്ടത്തോട് സർക്കിൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) വിതരണ രജിസ്ററർ, ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഗൃഹ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

| പേര് | ആദ്യഗഡു | ആകെ |
|---|---|---|

| | കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക |
|---|---|---|
| ഫാത്തിമ നറുക്കിലയിൽ | 30.10.18 | 300000 |
| ബുഷ്റ | ,, | 300000 |
| ശകുന്തള ആറ്റുപുറത്ത് | ,, | 300000 |
| ഷരീഫ | 23/11/18 | 300000 |
| ഷൈജി മണികണ്ഠൻ | 05.04.19 | 40000 |
| | | |

ടി ഗുണഭോക്താക്കളുടെ വിവരം 23/04/20 നം 30.12.20 നം പഞ്ചായത്തിനെ രേഖാ മൂലം അറിയിച്ചതായും ,തുടർനടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടതായും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട് .തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

2) താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിനോടനുബന്ധിച്ച് വിതരണ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

| പേര് | തുക | ബിൽ വിവരം |
|---|---|---|
| വാഹിദ ആലത്തിയിൽ | 100000 | 21900281/ 22.07.19 |
| ഷാനിബ | 400000 | 21901257 /26.03.20 |

3) S0063/20 പദ്ധതി ഗുണഭോക്താവായ ശ്രീമതി.ഗീത ഉപ്പത്തിൽ എന്നവരുടെ റേഷൻകാർഡ് വടക്കേക്കാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആണ്. ഇവർക്ക് വടക്കേക്കാട് ഗ്രാമ പഞ്ചായത്തിൽ വാസയോഗ്യമായ ഗൃഹം ഉണ്ടോ എന്നും മുൻപ് ഇതേ ആനുകൂല്യം പ്രസ്തുത പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ടോ എന്നതു സംബന്ധിച്ചുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.26/13.6.22)

## 1-38 ലൈഫ് ഭവന പദ്ധതി - ഗൃഹ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,തൃപ്പറ്റ് സർക്കിൾ

താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഗൃഹ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് വിതരണ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു.

| പേര് | ആദ്യഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| സീത ഊട്ടു വളപ്പിൽ | 9/7/19 | 200000 |
| അയ്യപ്പൻ പാലക്കൽ | 14/2/20 | 300000 |

ഗൃഹ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നം.21/10.6.22)

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും-അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു. ചെലവു തുക നിരാകരിക്കുന്നു

പ്രോജക്റ്റ് - S060/20മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും, ഐസ്ബോക്സും

നിർവഹണഉദ്യോഗസ്ഥൻ - സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ഫണ്ട്, അടങ്കൽ – വികസനഫണ്ട്,480000

ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്) 12000

ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) 228000

ആകെ-480000

ചെലവ്-96103

ട്രഷറി ബിൽ

1.1/13-11-2019- 55603 ഇ വൗച്ചർ- 21900823/12-11-19

2.2/30-1-2020-28500 ഇ വൗച്ചർ- 21901055/30-1-20

മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും, ഐസ്ബോക്സും നൽകുന്ന പദ്ധതിക്കായി മേൽട്രഷറി ബില്ലുകൾ പ്രകാരം മൂന്ന് മത്സ്യത്തൊഴിലാളികൾക്ക് തുക കൈമാറിയിട്ടുണ്ട്. സ.ഉ(കൈ) നം22/2018/ തസ്വഭവ,തീയതി 14-2-2018, ഖണ്ഡിക 3 ക്രമ നം. 20,21 പ്രകാരംമത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും, ഐസ്ബോക്സും അടങ്ങുന്ന യൂണിറ്റിന്, യൂണിറ്റ് വിലയുടെ 50%തുകയാണ് അനുവദിക്കാവുന്നത്.പരമാവധി പരിധി 30000രൂപയാണെന്നും ഉത്തരവിൽപറയുന്നു.(മോട്ടോർ സൈക്കിൾ - 28500, ഐസ്ബോക്സ് 1500) പദ്ധതിയിൽ മോട്ടോർ സൈക്കിളും, ഐസ്ബോക്സും അടങ്ങുന്ന യൂണിറ്റായല്ല, മറിച്ച്ഇനങ്ങൾ പ്രത്യേകമായാണ് വാങ്ങിയിട്ടുള്ളത്. 1500 രൂപമത്സ്യത്തൊഴിലാളികൾ ഗുണഭോക്തൃ വിഹിതം അടവാക്കുകയും, മത്സ്യ ഫെഡ് വ്യാസ സ്റ്റോറിൽ നിന്ന് ഐസ്ബോക്സ് വാങ്ങി നൽകുകയുമാണ് ചെയ്തത്. മോട്ടോർ സൈക്കിളിന് എക്സ്ഷോറൂം വിലക്കാണ് (വിലയുടെ 50%തുക) അർഹതയുള്ളത്. ടാക്സ്, ഇൻഷ്വറൻസ് മുതലായവ ഇതിൽഉൾപ്പെടുന്നില്ല. എന്നാൽ ഗുണഭോക്താക്കൾക്ക് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | മോട്ടോർ സൈക്കിൾ വില | അർഹമായത് | അനുവദിച്ചത് | അധികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ജമാലു,തെക്കേപ്പുറത്ത് | 49701 | 24851 | 28500 | 3649 | ഇൻവോയ്സ്- S1449/19-9-2019 (Grace Motors ,Chavakkad) |
| | മുഹമ്മദാലി,മമ്മികുട്ടിയകത്ത് | 44215 | 22108 | 27103 | 4995 | BEFM6742QIZT /18-10-2019 (Modern Motors Punnayurkulam) |
| | ഉമർഫാറൂഖ്,തെക്കേകാട്ടിൽ | 48414 | 24207 | 28500 | 4293 | BG2001888/22-1-2020(kvr Bikes Ponnani) |
| | ആകെ | | | | 12937 | |

പ്രഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഒറിജിനൽ ബില്ലുകൾ ഫയലിലില്ല. നിലവിൽ മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും, ഐസ്ബോക്സും ഇല്ലാത്തവരാണെന്ന വ്യക്തമാക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല.

മാർഗരേഖക്ക വിരുദ്ധമായി ആനുകൂല്യം അനുവദിച്ചതിനാൽ 12937 രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 31 /13-6-22)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1200000 | ലൈഫ് മിഷൻ | 1200000 | 0 |
| | | 2400000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1871100 | 528900 |
| | | 78000 | പച്ചക്കറി കൃഷി കൂലിച്ചെലവ് | 66560 | 11440 |
| | | 82650 | വൃദ്ധർക്ക് കട്ടിൽ | 82650 | 0 |

| | | | | | |
|---|---|---|---|---|---|
| | | 500000 | അംഗൻവായി പോഷകാഹാരം | 500000 | 0 |
| | | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| | | 338375 | എസ് ആർ ഒ കുടിവെള്ള പദ്ധതി | 338375 | |
| ജില്ലാ പഞ്ചായത്ത് OB – 1675365 | 2019-20 | 119115 | പെയിൻ ആന്റ് പാലിയേറ്റീവ് | 100000 | 19115 |
| | 2019-20 | 300000 | വികലാംഗർക്ക് ഉപകരണങ്ങൾ | 300000 | 0 |
| | 2018-19 | 228000 | കിണർ റീചാർജ്ജിംഗ് | 116623 | 111377( തിരിച്ചടച്ചു) |
| | 2018-19 | 826735 | ലൈഫ് മിഷൻ | 800000 | 26735 |
| | 2019-20 | 500000 | സുനാമി കോളനി ഡ്രൈനേജ് | 0 | 500000 |
| | 2019-20 | 300000 | അംഗൻവാടി മെയിന്റനൻസ് | 0 | 300000 |
| | 2019-20 | 100000 | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 0 | 100000 |

പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർണ്ണമായ വിവരങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിനാലും പൂർണ്ണമല്ലാത്തതിനാലും ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 138247075 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 119703181 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12937 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12937 | ഫാത്തിമ പി എ ,സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| | | |
| ആകെ | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 100000 | ശാന്ത. ടി ,ഐ സി ഡി എസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ഫാത്തിമ പി എ ,സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ലീവ് | പണിക്കവീട്ടിൽ നാറാണത്ത് പാടൂർ പി ഒ, തൃശ്ശൂർ -680 524 |
| ശാന്ത. ടി ,ഐ സി ഡി എസ് സൂപ്പർവൈസർ | റിട്ടയേർഡ് | തോപ്പിൽ വീട്, കുറുമാൽ പി.ഒ , വേലൂർ , തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1970-71 | എൽ.എഫ്.ടി 272/75/ 15.04.75 |
| 85-86, 86-87 | എൽ.എഫ്.ടി12- 310/92/ 01.01.93 |
| 87-88 | എൽ.എഫ്.ടി12-1165/92/ 17.12.92 |
| 88-89,89-90, 90-91 | എൽ.എഫ്.ടി11- 275/94/ 30.09.94 |
| 91-92 | എൽ.എഫ്.ടി11- 962/93 / 26.02.94 |
| 92-93, 93-94 | എൽ.എഫ്.ടി11-775/95/ 10.06.96 |
| 94-95, 95-96 | എൽ.എഫ്.ടി17-1764/99/ 30.03.00 |
| 96-97 | എൽ.എഫ്.ടി17-321/97/ 02.11.99 |
| 97-98 | എൽ.എഫ്.ടി17-340/99/ 04.05.99 |
| 98-99 | എൽ.എഫ്.ടി17-1713/00/ 06.02.01 |

| | |
|---|---|
| 99-00 | എൽ.എഫ്.ടി13-907/02/ 160.5.03 |
| 00-01, 01-02 (പ്ലാൻ) | എൽ.എഫ്.ടി13-1399/03/ 06.04.04 |
| 00-01, 01-02 (പ്ലാൻ ഒഴികെ) | എൽ.എഫ്.ടി13-1810/04/ 27.09.05 |
| 02-03 | എൽ.എഫ്.ടി13-739/05/ 17.01.06 |
| 03-04 | എൽ.എഫ്.ടി13-1268/08/ 14.12.09 |
| 04-05 | എൽ.എഫ്.ടി13-1269/08/ 14.12.09 |
| 05-06 | എൽ.എഫ്.ടി13-396/10/0 8.11.10 |
| 06-07 | എൽ.എഫ്.ടി13-397/10/ 16.11.10/27.05.11 |
| 07-08 | എൽ.എഫ്.ടി.പി.1-655/11/ 30.9.11/8.12.11 |
| 08-09 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 09-10 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 10-11 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 11-12 | എൽ.എഫ്.ടി.പി.4-744/13/ 23.8.13 |
| 12-13 | എൽ.എഫ്.ടി.പി8-253/14/ 20.08.14/29.10.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി8)-26/16/ 130.1.16/8.03.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി8)937/16 / 13.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി8)1845/16 / 27.10.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1515/17/14-1-2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1738/18/14.12.2018 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി8)701/2020 തീയതി.04.08.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്